നിങ്ങൾ വിധേയനാകുന്ന ഏതെങ്കിലും ചികിത്സയുടെ രഹസ്യസ്വഭാവം നിലനിർത്തുന്നതിനുള്ള അവകാശവും നിങ്ങൾക്കുണ്ടായിരിക്കും. നിങ്ങളുടെ ചികിത്സയുടെ രഹസ്യസ്വഭാവം ലംഘിക്കപ്പെട്ടാൽ നിങ്ങൾക്ക് നിയമ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

നിങ്ങൾ HIV പോസിറ്റീവാണെങ്കിൽ ആ വസ്തുത കോടതിയിൽ വെളിപ്പെടുമെന്നതു കൊണ്ട് നിങ്ങൾ നിയമ നടപടികൾ കൈക്കൊള്ളുന്നതിനു ഭയക്കേണ്ട ആവശ്യമില്ല. ഇപ്പോൾ നിങ്ങൾക്ക് ഒരു വ്യാജനാമത്തിൽ (ഇതിനെ വ്യക്തിത്വത്തെ മൂടിവെക്കുക എന്നു പറയുന്നു) നിങ്ങളുടെ വ്യക്തിത്വം വെളിപ്പെടുത്താതെ തന്നെ കേസ് നൽകാൻ സാധിക്കും.

നിങ്ങൾ MSM വിഭാഗത്തിലുള്ള ഒരു വ്യക്തിയാണെന്നതു കൊണ്ടുള്ള വിവേചനമില്ലാതെ സ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള ഏതു ആരോഗ്യചികിത്സാ കേന്ദ്രത്തിൽ നിന്നും നിങ്ങൾക്ക് വൈദ്യചികിത്സ ആവശ്യപ്പെടുന്നതിനുള്ള അവകാശവുമുണ്ട്. യഥാർത്ഥത്തിൽ സ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള ഒരു ആരോഗ്യചികിത്സാ കേന്ദ്രത്തിനും യാതൊരു കാരണവശാലും നിങ്ങൾക്ക് ചികിത്സ നിഷേധിക്കാൻ സാധിക്കില്ല. അങ്ങനെ സംഭവിച്ചാൽ നിങ്ങൾക്ക് അവർക്കെതിരെ നിയമനടപടികളെടുക്കാനും നഷ്ടപരിഹാരം ആവശ്യപ്പെടാനും സാധിക്കും.

§ **ലൈംഗികമായ അവകാശം** നിങ്ങളുടെ ശരീരത്തിന്റെ പരിപൂർണ്ണ ഉടമസ്ഥത നിങ്ങൾക്കാണെന്നതിൽ അടിസ്ഥാനമാക്കിയുള്ളതാണ്, മാത്രമല്ല മറ്റാർക്കും തന്നെ നിങ്ങളുടെ സമ്മതത്തിനു വിപരീതമായി അതിൽ ഇടപെടാൻ സാദ്ധ്യമല്ല. അതു കൊണ്ടു തന്നെ ആർക്കും നിങ്ങളെ അയാളോട് അല്ലെങ്കിൽ അവളോട് ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതിനു നിർബന്ധിക്കാൻ സാധിക്കില്ല. അതു പോലെ തന്നെ നിങ്ങൾ സുരക്ഷിതമായ ലൈംഗികവേഴ്ചയ്ക്കുമാത്രമാണ് സമ്മതം നൽകിയിട്ടുള്ളതെങ്കിൽ ആർക്കും തന്നെ നിങ്ങളെ സുരക്ഷിതമല്ലാത്ത ലൈംഗികബന്ധത്തിനു നിർബന്ധിക്കാൻ സാധിക്കില്ല. അത്തരം പ്രവർത്തനങ്ങൾ ലൈംഗിക അതിക്രമങ്ങളായി കണക്കാക്കുകയും അത് ചെയ്യുന്ന വ്യക്തിക്കെതിരായി ക്രിമിനൽ നിയമപ്രകാരമുള്ള

നടപടികൾക്കു കാരണമാകുകയും ചെയ്യും. അത്തരം വ്യക്തിക്കെതിരായി നഷ്ടപരിഹാരത്തിനായി ഒരു സിവിൽ കോടതിയിലും കേസ് നൽകാൻ സാധിക്കും.

നിങ്ങൾ എന്തെങ്കിലും പ്രശ്നം നേരിടുകയോ നിങ്ങളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ **പലപ്പോഴും** പ്രാദേശിക MSM ലൈംഗികാരോഗ്യ സംഘടനയ്ക്ക് നിങ്ങളെ സഹായിക്കാൻ സാധിക്കും. ഈ സംഘടനകൾക്ക് നിയമസഹായം തേടുന്നതിൽ നിങ്ങളെ സഹായിക്കാൻ സാധിക്കും. അതു കൊണ്ടു തന്നെ അത്തരം ഏജൻസികളുടെ ഫോൺ നമ്പർ നിങ്ങളുടെ കൈവശം സൂക്ഷിക്കുന്നതും നിങ്ങൾക്ക് സഹായം ആവശ്യമുള്ളപ്പോൾ അവരെ വിളിക്കുന്നതും നല്ലതായിരിക്കും. നിങ്ങൾക്ക് നിങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അറിയില്ലെങ്കിൽ, നിങ്ങൾ അവ ഉപയോഗിക്കുന്നില്ലെങ്കിൽ മറ്റുള്ളവർ നിങ്ങളുടെ അവകാശങ്ങൾ ലംഘിക്കുന്നത് തുടർന്നു കൊണ്ടിരിക്കും.

ഈ വിവരണ ഉപന്യാസം രചിച്ചതിനു ആദിത്യ ബന്ധോപാദ്ധ്യായയോട് നന്ദി രേഖപ്പെടുത്താൻ നാസ് ഫൗണ്ടേഷൻ ഇന്റർനാഷണൽ ആഗ്രഹിക്കുന്നു.

© ദി നാസ് ഫൗണ്ടേഷൻ 2003

Advocacy, policy and support on male sexualities

Naz Foundation International

# നിങ്ങളുടെ അവകാശങ്ങൾ അറിയുക- ഇന്ത്യ

# നിങ്ങൾ മറ്റൊരു പുരുഷനുമായി



**ഇന്ത്യയിൽ രണ്ടു പുരുഷന്മാർ തമ്മിൽ ലൈംഗിക ബന്ധത്തിലേർപ്പെടുന്നത് ഒരു കുറ്റകൃത്യമാണെന്നു നിങ്ങൾക്കറിയാമോ: അങ്ങനെയാണ് ഇന്ത്യൻ പീനൽ കോഡിന്റെ സെക്ഷൻ 377 പറയുന്നത്. ഈ വകുപ്പ് പ്രകൃതിവിരുദ്ധ ലൈംഗികബന്ധത്തിന് ജീവപര്യന്തം തടവു ശിക്ഷ വരെ നൽകുന്നു. പ്രകൃതിവിരുദ്ധംഎന്നത് എന്താണെന്നു നിർവചിച്ചിട്ടില്ലെങ്കിലും, ഇതിൽ ഗുദരതി, വദനരതി എന്നിവ ഉൾപ്പെടുന്നുവെന്ന് കോടതികൾ വിധിച്ചിട്ടുണ്ട്. ഈ നിയമം എത്രത്തോളം സാധുതയുള്ളതാണെന്നതും അത് നടപ്പിൽ വരുത്തുന്നുണ്ടോയെന്നതുമാണ് ഇവിടെ പ്രസക്തമായ ചോദ്യം?**

**ഇംഗ്ലീഷ് ഗുദരതി വിരുദ്ധ നിയമത്തെ ആധാരമാക്കി ഈ നിയമത്തിന് 1860 തിലാണ് രൂപം. ഇംഗ്ലണ്ടിൽ ഗുദഭോഗ വിരുദ്ധനിയമം എടുത്തു കളഞ്ഞിരിക്കുന്നു. പക്ഷെ ഈ**

നിയമം ഇപ്പോഴും ഇന്ത്യയിൽ പ്രാബല്യത്തിലിരിക്കുന്നു. സ്വവർഗ്ഗരതിയെക്കുറിച്ചുള്ള അവബോധത്തിലും മനോഭാവത്തിലുമുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് ഈ നിയമം റദ്ദാക്കണമെന്ന ആവശ്യം ഇന്ത്യയിൽ പോലും വർദ്ധിച്ചുവരുന്നു. ലോ കമ്മീഷൻ ഓഫ് ഇന്ത്യ ഈ നിയമം റദ്ദാക്കണമെന്ന് ശുപാർശ ചെയ്തു കഴിഞ്ഞു. കൂടാതെ ഇത് MSM വിഭാഗങ്ങൾ അടക്കം എല്ലാ പൗരന്മാർക്കും ഉറപ്പു നൽകുന്ന മൗലികാവകാശങ്ങൾക്ക് വിപരീതമാണ്.

ഈ നിയമം വിരളമായി മാത്രമേ ഉപയോഗിക്കാറുള്ളൂ. പക്ഷെ ഈ നിയമം പോലീസ് മറ്റു നിയമനിർവഹണ വിഭാഗങ്ങളും MSM വിഭാഗങ്ങളെ അപമാനിക്കുന്നതിനും, ഭീഷണിപ്പെടുത്തുന്നതിനും, പണം പിടുങ്ങുന്നതിനും ഉപയോഗിക്കുന്നു. ഇത്തരം ആളുകൾ സാധാരണയായി കണ്ടു മുട്ടാറുള്ള സ്ഥലങ്ങളിൽ നടക്കുന്ന പരിശോധനകൾ നിങ്ങൾ പലപ്പോഴും നേരിടേണ്ടി വരുന്ന അത്തരം അപമാനങ്ങൾക്കുദാഹരണമാണ്. അതു പോലെ തന്നെ ഈ നിയമം നടപ്പിലുള്ളിടത്തോളം കാലം MSM വിഭാഗങ്ങൾക്കിടയിൽ ശരിയായ HIV/AIDS പ്രതിരോധ പ്രവർത്തനങ്ങൾ ഒന്നും തന്നെ സാദ്ധ്യമല്ല. MSM വിഭാഗങ്ങൾക്കിടയിലുള്ള ഗർഭനിരോധന ഉറ വിതരണം അല്ലെങ്കിൽ സുരക്ഷിതമായ

ലൈംഗികബന്ധത്തെക്കുറിച്ചുള്ള അവബോധം പരത്തുക ഇവ ഈ നിയമപ്രകാരം കുറ്റം ചെയ്യുന്നതിനുള്ള പ്രേരണയായി കണക്കാക്കപ്പെടാം. മനുഷ്യാവകാശവും മൗലികാവകാശവും അടക്കമുള്ള MSM വിഭാഗങ്ങളുടെ



**§ നിങ്ങൾ അറസ്റ്റു ചെയ്യപ്പെടുന്ന പക്ഷം ചെയ്യാവുന്ന ചില കാര്യങ്ങൾ ഇനി പറയുന്നവയാണ്:**

- വിശ്വസിക്കാവുന്ന ഒരു അഭിഭാഷകന്റെയോ നിങ്ങൾക്ക് എപ്പോഴും ഒരു അഭിഭാഷകന്റെ സേവനം ലഭ്യമാക്കാൻ സാധിക്കുന്ന ഒരു വ്യക്തിയുടേയോ ഫോൺ നമ്പർ കൈവശം സൂക്ഷിക്കുന്നതും നിങ്ങളെ അറസ്റ്റു ചെയ്തതിനു ശേഷം ആ വ്യക്തിയെ വിളിക്കണമെന്ന് നിർബന്ധിക്കുന്നതും എപ്പോഴും ഉത്തമമായിരിക്കും.
- നിങ്ങൾ ഒരു അറസ്റ്റ് പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ ഒരു മുൻകൂർ ജാമ്യത്തിനു അപേക്ഷിക്കുന്നതും ഒരു മുൻകൂർ ജാമ്യ ഉത്തരവ് നേടിയെടുക്കുന്നതും നല്ലതായിരിക്കും.
- നിങ്ങളെ അറസ്റ്റു ചെയ്യുന്ന സമയത്ത് അറസ്റ്റിനെ ചെറുക്കുന്നതിനു കാരണങ്ങളൊന്നുമില്ല. പിന്നീട് നിയമസഹായം തേടുന്നതായിരിക്കും ഉത്തമം.
- പോലീസിനോട് നിങ്ങളുടെ അവകാശങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാമെന്നും അവരുടെ ചില നടപടികൾ നിയമവിരുദ്ധമാണെന്നും പറയുന്നതിനുള്ള ആത്മവിശ്വാസം കാണിക്കുക.

**ഒരു MSM എന്ന രീതിയിൽ നിങ്ങൾ അറിഞ്ഞിരിക്കേണ്ട മറ്റേതെങ്കിലും അവകാശങ്ങളുണ്ടോ?**

**അതെ തീർച്ചയായും!** നിങ്ങളുടെ **ആരോഗ്യ അവകാശങ്ങളെക്കുറിച്ചും ലൈംഗികമായ അവകാശങ്ങളെക്കുറിച്ചും** നിങ്ങൾക്ക് അവബോധമുണ്ടായിരിക്കണം.

§ **ആരോഗ്യ അവകാശങ്ങൾ** മുകളിൽ വിവരിച്ച ജീവിക്കുന്നതിനുള്ള അവകാശത്തിൽ അടിസ്ഥാനമാക്കിയുള്ളതാണ്. നിങ്ങളുടെ ശരീരത്തിൽ ഇടപെടുന്നതിനു നിങ്ങൾ സ്വതന്ത്രവും, നിർദിഷ്ടവും, കാര്യങ്ങൾ പൂർണ്ണമായി വ്യക്തമാക്കിയതിനു ശേഷമുള്ള സമ്മതമോ നൽകാത്ത പക്ഷം ഒരു വ്യക്തിക്കും നിങ്ങളുടെ ശരീരത്തിൽ ഇടപെടുന്നതിനു സാധിക്കുകയില്ല.

പൂർണ്ണമായും വിവരങ്ങൾ വ്യക്തമായതിനു ശേഷമുള്ള സമ്മതം എന്നാൽ ഒരു ചികിത്സയിൽ സംഭവിച്ചേക്കാവുന്ന സാദ്ധ്യമായ പ്രതികൂലമായ പരിണത ഫലങ്ങളെക്കുറിച്ച് നിങ്ങളെ അറിയിക്കുകയും അതിനു ശേഷം ചികിത്സയ്ക്കു വിധേയനാകാൻ നിങ്ങൾ സമ്മതിക്കുകയും ചെയ്യാത്ത സാഹചര്യത്തിൽ ഒരു ഡോക്ടർക്ക് അയാൾക്കു ശരിയെന്നു തോന്നുന്ന രീതിയിൽ

നിങ്ങളെ ചികിത്സിക്കുന്നതിനു സാധിക്കില്ലെന്നാണ്. നിങ്ങളെ കൗൺസിലിങ്ങിനു വിധേയമാക്കി പരിശോധനയ്ക്ക് നിങ്ങൾ സമ്മതിക്കാതെ ഒരു ഡോക്ടർക്കോ മറ്റാർക്കെങ്കിലുമോ നിങ്ങളെ HIV പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിക്കില്ല. നിങ്ങളുടെ സമ്മതം സ്വതന്ത്രമായിരിക്കണം, ഇതിനർത്ഥം അതായത് എന്തെങ്കിലും സമ്മതിക്കാനായി മറ്റാരെങ്കിലും തന്നെ നിങ്ങളെ നിർബന്ധിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യാൻ പാടില്ല എന്നാണ്. നിങ്ങളെ നിങ്ങളുടെ ഇഷ്ടത്തിനു വിപരീതമായി HIV പരിശോധനയ്ക്കു വിധേയമാക്കുകയോ നിങ്ങൾ വിധേയനാകാമെന്നു സമ്മതിക്കാത്ത ഏതെങ്കിലും ചികിത്സയ്ക്ക് നിങ്ങളെ വിധേയനാക്കുകയോ ചെയ്താൽ നിങ്ങൾക്ക് ഡോക്ടർക്കും ചികിത്സിച്ച സ്ഥാപനത്തിനും എതിരായി നിയമപരമായ പരിഹാരം ആവശ്യപ്പെടാവുന്നതാണ്.

• നിങ്ങൾക്ക് ഒരു അഭിഭാഷകനെ ഇടപാടാക്കുന്നതിനുള്ള ശേഷിയില്ലെങ്കിൽ നിങ്ങൾക്ക് **സൗജന്യ നിയമ സഹായം** ആവശ്യപ്പെടുന്നതിനുള്ള അവകാശമുണ്ട്. അത്തരം നിയമ സഹായം ലഭിക്കുന്നതിനായി നിങ്ങളെ മജിസ്ട്രേറ്റിനു മുൻപിൽ ഹാജരാക്കുമ്പോൾ മജിസ്ട്രേറ്റിനു മുൻപാകെ ആവശ്യം സമർപ്പിക്കുക.

• നിങ്ങളെ **വിലങ്ങുവെക്കാൻ** പാടില്ല. എന്നിരുന്നാലും നിങ്ങൾ അറസ്റ്റിനെ ചെറുത്താൽ നിങ്ങൾക്കെതിരായി ആവശ്യമെങ്കിൽ ബലം പ്രയോഗിക്കുകയോ തടങ്കലിലാക്കുകയോ ചെയ്യാവുന്നതാണ്.

• നിങ്ങളുടെ അറസ്റ്റിനു ശേഷം 24 മണിക്കൂറിനകം നിങ്ങളെ ഒരു മജിസ്ട്രേറ്റിനു മുൻപിൽ ഹാജരാക്കിയിരിക്കണം. നിങ്ങളെ അങ്ങനെ ഹാജരാക്കാത്ത പക്ഷം നിങ്ങൾക്ക് അത് ആവശ്യപ്പെടാവുന്നതാണ്.

• നിങ്ങളുടെ പേരിൽ ജാമ്യം ലഭിക്കുന്ന കുറ്റമാണ് ചുമത്തിയിരിക്കുന്നതെങ്കിൽ നിങ്ങളെ ജാമ്യത്തിൽ വിടുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ടായിരിക്കും.

• നിങ്ങളുടെ പേരിൽ ജാമ്യം ലഭിക്കാത്ത കുറ്റമാണ് ചുമത്തിയിരിക്കുന്നതെങ്കിൽ ഒരു മജിസ്ട്രേറ്റ് / കോടതി മുൻപാകെ ജാമ്യത്തിനു അപേക്ഷിക്കുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ടായിരിക്കും.

• അറസ്റ്റു സമയത്ത് നിങ്ങളെ ഒരു ഡോക്ടറെ കൊണ്ട് പരിശോധിപ്പിക്കുന്നതിനും നിങ്ങളുടെ ശരീരത്തിലുള്ള മുറിവുകളുടെ പാടുകൾ രേഖപ്പെടുത്തുന്നതിനും ഉള്ള അവകാശം നിങ്ങൾക്കുണ്ടായിരിക്കും.

• നിങ്ങളെ തടവിൽ പാർപ്പിച്ചിരിക്കുന്ന ഓരോ 48 മണിക്കൂറിലും ഒരു ഡോക്ടറെക്കൊണ്ട് പരിശോധിപ്പിക്കുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ടായിരിക്കും.

• ചോദ്യം ചെയ്യുന്നതിനിടയ്ക്ക് നിങ്ങളുടെ അഭിഭാഷകനെ കാണുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ടായിരിക്കും.

• നിങ്ങൾക്കെതിരായി തെളിവു നൽകുന്നതിനായി പോലീസിനു നിങ്ങളെ നിർബന്ധിക്കാൻ സാധിക്കില്ല. അതു കൊണ്ടു തന്നെ ചോദ്യം ചെയ്യുന്നതിനിടയ്ക്ക് നിങ്ങൾക്ക് നിശ്ശബ്ദത പാലിക്കുകയോ ഏതെങ്കിലും ചോദ്യത്തിനു ഉത്തരം പറയാതിരിക്കുകയോ ചെയ്യാം.

• പോലീസിൽ നിങ്ങൾ പറയുന്ന യാതൊന്നും തന്നെ നിങ്ങൾക്കെതിരായ തെളിവായി ഉപയോഗിക്കാൻ സാധിക്കുകയില്ലെന്നു മനസ്സിലാക്കുന്നത് പ്രധാനമാണ്.

• പോലീസിനു നിങ്ങൾക്കെതിരായി ബലം പ്രയോഗിക്കാനോ മൂന്നാം മുറ ഉപയോഗിക്കാനോ സാധിക്കില്ല.



മറ്റവകാശങ്ങളും ഇതു കാരണം ലംഘിക്കപ്പെടുകയും അവ സംരക്ഷിക്കാനോ ഇതിനെക്കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കാനോ സാധിക്കുന്നില്ല.

ഹൈക്കോടതിക്കോ സുപ്രീംകോടതിക്കോ ഈ നിയമം അസാധുവും നിഷ്ഫലവുമായി പ്രഖ്യാപിക്കാം. പക്ഷെ അത്തരം ഉത്തരവുകളൊന്നും ഇതു വരെ നിലവിലില്ല. ഇപ്പോൾ ഇത് ഡെൽഹി ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെടുന്നു
.

**പക്ഷെ.......**

**ഇതിനർത്ഥം നിങ്ങൾക്ക് അവകാശങ്ങൾ ഒന്നുമില്ലെന്നാണോ?**
തീർച്ചയായും അല്ല. ഒരു നിയമത്തിനും എടുത്തുമാറ്റാൻ സാധിക്കാത്ത ചില അവകാശങ്ങൾ നിങ്ങൾക്കുണ്ട്. ഇവ ഭരണഘടന അനുശാസിക്കുന്ന **മൗലിക അവകാശങ്ങളാണ്.** ഇവയാണ് എല്ലാ പൗരന്മാരുടെയും അടിസ്ഥാന അവകാശങ്ങൾ. ഹൈക്കോടതിക്കോ സുപ്രീംകോടതിക്കോ **മൗലികാവകാശങ്ങൾക്കു** വിപരീതമായുള്ള ഏതു നിയമത്തെയും അസാധുവും നിഷ്ഫലവുമായി പ്രഖ്യാപിക്കാം. നിങ്ങൾ അറിഞ്ഞിരിക്കേണ്ട ചില പ്രധാന മൗലികാവകാശങ്ങൾ ഇവയാണ്:

§ **സമത്വത്തിനുള്ള അവകാശം (വകുപ്പ് 14):** ഇതിനർത്ഥം എല്ലാ വ്യക്തികളെയും അവർ MSM

ആണെങ്കിലും അല്ലെങ്കിലും നിയമത്തിനു മുൻപിൽ സമത്വത്തോടെ പരിഗണിക്കേണ്ടതും സമമായ നിയമ സംരക്ഷണം നൽകേണ്ടതുമാണ്. ഈ വകുപ്പ് സ്റ്റേറ്റിനെ (സ്റ്റേറ്റ് എന്നതിനർത്ഥം സർക്കാർ, പോലീസ് മുതലായ സർക്കാർ വിഭാഗങ്ങൾ എന്നാണ്.) ആരോടും വിവേചനത്തോടെ പെരുമാറുന്നതിൽ നിന്നും തടയുന്നു. MSM വിഭാഗത്തിൽ പെടുന്നവരോട് പരമ്പരാഗതമായി പുലർത്തപ്പെട്ടു വരുന്ന വിവേചനത്തിന്റെ വെളിച്ചത്തിൽ ഒരു MSM എന്ന നിലയിൽ നിങ്ങൾക്ക് ഈ വകുപ്പ് പ്രാധാന്യമർഹിക്കുന്നതാണ്.

§ **വിവിധ സ്വാതന്ത്ര്യങ്ങൾക്കുള്ള അവകാശങ്ങൾ (വകുപ്പ് 19): ഈ നകുപ്പ് ചില നിശ്ചിത സ്വാതന്ത്ര്യം ഉറപ്പു നൽകുന്നു. അവ ഇനി പറയുന്നവയാണ്:**

- **സംസാരിക്കുന്നതിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം:** ഇതിനർത്ഥം നിങ്ങൾ ഒരു സ്ത്രൈണസ്വഭാവമുള്ള പുരുഷനാണ്, നിങ്ങൾക്ക് സ്ത്രീകളെ പോലെ വസ്ത്രം ധരിക്കുന്നതിനും അണിഞ്ഞൊരുങ്ങുന്നതിനും താൽപ്പര്യമുണ്ടെങ്കിൽ അത് നിങ്ങളുടെ വ്യക്തിത്വ പ്രദർശനമാണ്, നിങ്ങളെ അതിനു കുറ്റപ്പെടുത്താനോ അപമാനിക്കാനോ പാടില്ല എന്നാണ്. പോലീസോ മറ്റുള്ളവരോ നിങ്ങളെ അപമാനിക്കുകയാണെങ്കിൽ അവർക്കെതിരെ പരാതി നൽകാനോ അവരെ കോടതി നടപടികൾക്കു വിധേയമാക്കാനോ സാധിക്കും. നിങ്ങൾക്കു നിങ്ങളുടെ ആശങ്കകളും വീക്ഷണങ്ങളും ഭയം കൂടാതെ പ്രകടിപ്പിക്കാമെന്നും അർത്ഥമുണ്ട്.
- **സമാധാനപരമായും ആയുധങ്ങൾ കൂടാതെയും സമ്മേളിക്കുന്നതിനുള്ള സ്വാതന്ത്ര്യം:** ഇതിനർത്ഥം നിങ്ങൾ സമാധാനം ലംഘിക്കുന്ന രീതിയിലോ അശ്ലീലമായോ മറ്റുള്ളവർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കാത്ത രീതിയിലോ യാതൊന്നും ചെയ്യാത്തിടത്തോളം നിങ്ങൾക്കും മറ്റ് MSM സുഹൃത്തുക്കൾക്കും പൊതുജനങ്ങൾ ഒത്തു ചേരുന്ന സ്ഥലങ്ങൾ സന്ദർശിക്കുന്നതിനുള്ള അവകാശമുണ്ട്. നിങ്ങൾക്ക് ഇത്തരം സ്ഥലങ്ങളിൽ യോഗങ്ങളോ കൂട്ടായ്മകളോ സംഘടിപ്പിക്കാവുന്നതാണ്. നിരോധിച്ചുകൊണ്ടുള്ള ഏതെങ്കിലും ഉത്തരവിന്റെ അഭാവത്തിൽ പോലീസിന് പൊതുസ്ഥലങ്ങളിൽ നിങ്ങളെ അപമാനിക്കാനോ കുറ്റക്കാരനാക്കാനോ സാധിക്കുകയില്ല എന്നും ഇത് അർത്ഥമാക്കുന്നു.
- **സംഘടനകൾ ( അസ്സോസിയേഷൻ, യൂണിയൻ ) രൂപീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം**: ഈ സ്വാതന്ത്ര്യം നിങ്ങൾക്ക് സപ്പോർട്ട് ഗ്രൂപ്പുകളും നിങ്ങളുടെ പ്രശ്നങ്ങൾക്കായി പ്രവർത്തിക്കുന്ന NGO കളും രൂപീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നു സൂചിപ്പിക്കുന്നു. ഈ സപ്പോർട്ട് ഗ്രൂപ്പുകളിൽ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കാത്തിടത്തോളം കാലം അവ സർക്കാരിൽ നിന്നും പോലീസിൽ നിന്നും സംഭവിച്ചേക്കാവുന്ന ഏതു രൂപത്തിലുമുള്ള ഇടപെടലിൽ നിന്നും അപമാനത്തിൽ നിന്നും സംരക്ഷിക്കപ്പെട്ടിരിക്കുന്നു.
- **ഭാരതത്തിന്റെ ഭൂപ്രദേശത്ത് എവിടെയും സ്വതന്ത്രമായി സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യം:** ഈ സ്വാതന്ത്ര്യം നിങ്ങൾക്ക് ഇന്ത്യയിലെ ഏതു ഭാഗത്തും തടസ്സങ്ങൾ കൂടാതെ സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉറപ്പു നൽകുന്നു. കുറെ കൂടി ചുരുങ്ങിയ തോതിൽ പോലും നിങ്ങളോ നിങ്ങളെ പോലുള്ള MSM വിഭാഗങ്ങളോ ഒത്തു ചേരുകയും ഇടപഴകുകയും ചെയ്യുന്ന പാർക്കുകൾ പോലുള്ള പൊതു സ്ഥലങ്ങളൊന്നും തന്നെ പ്രവേശനം നിഷേധിക്കപ്പെടുന്നതാകരുത്. പ്രത്യേകിച്ചും നിങ്ങൾക്ക്. നിങ്ങൾ ഒരു പുരുഷ ലൈംഗികത്തൊഴിലാളിയാണെങ്കിൽ നിങ്ങളെ പൊതു സ്ഥലത്തു നിന്നും നീക്കം ചെയ്യാനോ നിങ്ങൾ സഞ്ചരിക്കുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനോ പാടുള്ളതല്ല. എന്നിരുന്നാലും നിങ്ങൾ പൊതു സ്ഥലത്ത് ലൈംഗിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാൽ അശ്ലീലവുമായ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമോ ആഭാസകരമായ പെരുമാറ്റത്തിനോ നിങ്ങളുടെ പേരിൽ കേസെടുക്കാവുന്നതാണ്. യഥാർത്ഥ ലൈംഗിക ചേഷ്ടകൾക്കും അല്ലെങ്കിൽ പൊതുസ്ഥലങ്ങളിൽ ലൈംഗികപ്രലോഭനം നടത്തുന്നതിന് നിങ്ങളെ അനാശാസ്യ കൃത്യങ്ങൾ തടയൽ നിയമം പ്രകാരം നിങ്ങളുടെ പേരിൽ കേസെടുക്കാവുന്നതാണ്.



നിങ്ങൾക്ക് പോലീസിൽ ഒരു പരാതി നൽകുകയും അവർക്കെതിരായി വകുപ്പു തല അന്വേഷണം ആവശ്യപ്പെടുകയും ചെയ്യാം. നിങ്ങൾക്ക് പോലീസിനെതിരായി ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്യാവുന്നതുമാണ്. അടുത്തകാലത്തായി പോലീസ് നിങ്ങളുടെ അവകാശങ്ങൾ ലംഘിച്ചാൽ നിങ്ങൾക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷനെയോ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനേയോ

സമീപിക്കാവുന്നതാണ്.

**ഓർക്കുക, പോലീസിനു നിങ്ങളെ അപമാനിക്കുന്നതിനു യാതൊരു അവകാശവുമില്ല.** പോലീസിനു നിയമം ലംഘിക്കാൻ സാധിക്കില്ലെന്നു മാത്രമല്ല, അവർ നിയമത്തിനു മുകളിലുമല്ല. പോലീസിന്റെ ഭാഗത്തു നിന്നുണ്ടായ അപമാനവും ക്രൂരമായ പെരുമാറ്റവും തെറ്റായ പെരുമാറ്റമായി കണക്കാക്കപ്പെടുകയും ഇതിന് അവർക്കെതിരായി നടപടികൾ എടുക്കപ്പെടുകയും ചെയ്യാം. അവർക്കെതിരായി ഒരു പരാതി ഫയൽ ചെയ്യപ്പെട്ടാൽ അവരെ സസ്പെൻഡു ചെയ്യാനും സാദ്ധ്യതയുണ്ട്. ചില നിർദിഷ്ട കുറ്റങ്ങൾക്ക് അവർക്ക് ഇന്ത്യൻ പീനൽ കോഡ് പ്രകാരം ശിക്ഷ ലഭിച്ചേക്കാം.

**അപ്പോൾ പോലീസ് നിങ്ങളെ അറസ്റ്റു ചെയ്യുമ്പോൾ നിങ്ങൾക്ക് എന്തൊക്കെ അവകാശങ്ങളാണുള്ളത്, കൂടാതെ നിങ്ങൾക്കെന്താണ് ചെയ്യാൻ സാധിക്കുക?**

## § നിങ്ങളെ അറസ്റ്റു ചെയ്യുമ്പോൾ നിങ്ങൾക്ക് ഇനി പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കും:



**§ നിങ്ങളെ അറസ്റ്റു ചെയ്യുമ്പോൾ നിങ്ങൾക്ക് ഇനി പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കും:**

- നിങ്ങളുടെ **അറസ്റ്റിനുള്ള കാരണം** അറിയുന്നതിനുള്ള അവകാശം
- നിങ്ങൾ അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നുവെന്നും എവിടെയാണ് നിങ്ങളെ സൂക്ഷിച്ചിരിക്കുന്നതെന്നും ഉള്ള വസ്തുതകൾ കുറഞ്ഞത് ഒരു സുഹൃത്തിനെയോ, പരിചയക്കാരനേയോ, ബന്ധുവിനേയോ അറിയിക്കുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ടായിരിക്കും.
- നിങ്ങൾക്ക് ഒരു അഭിഭാഷകനോട് അഭിപ്രായം ചോദിക്കുന്നതിനും നിങ്ങളെ പ്രതിനിധീകരിക്കുന്നതിന് ഒരു അഭിഭാഷകനെ ഇടപാടു ചെയ്യുന്നതിനുമുള്ള അവകാശമുണ്ടായിരിക്കും.

## പ്രധമദൃഷ്ട്യാ കേസെടുക്കാവുന്ന കുറ്റങ്ങളും പ്രഥമദൃഷ്ട്യാ കേസെടുക്കാൻ സാധിക്കാത്ത കുറ്റങ്ങളും എന്താണ്, നിങ്ങൾ ഓരോ കേസുകളിലും എങ്ങനെ പെരുമാറണം?

**പ്രഥമദൃഷ്ട്യാ കേസെടുക്കാവുന്ന കുറ്റങ്ങൾ** എന്നാൽ പോലീസിനു സ്വന്തം ഇഷ്ടപ്രകാരം അന്വേഷിക്കാവുന്നതും ഒരു വ്യക്തി കുറ്റക്കാരനെന്നു കണ്ടാൽ അയാളെ അറസ്റ്റു ചെയ്യുകയും ചെയ്യാവുന്നതാണ്. അതു കൊണ്ടു തന്നെ നിങ്ങൾ പ്രഥമദൃഷ്ട്യാ കേസെടുക്കാവുന്ന ഒരു കുറ്റത്തിനു വിധേയമായാൽ നിങ്ങൾ പോലീസിൽ പരാതി ഫയൽ ചെയ്യുകയും ഒരു FIR രജിസ്റ്റർ ചെയ്തിരിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും വേണം. നിയമപരമായ വിചാരണയുടെ ആദ്യ പടിയാണ് ഒരു FIR. അതിനു ശേഷം പോലീസ് അവരുടെതായ രീതിയിൽ അന്വേഷണം നടത്തുകയും വ്യക്തിയെ നിയമപരമായ വിചാരണയ്ക്കു വിധേയമാക്കുകയും ചെയ്യും. എന്നിരുന്നാലും പോലീസ് FIR ഫയൽ ചെയ്യാൻ വിസമ്മതിച്ചാൽ നിങ്ങൾക്ക് പരാതി രജിസ്റ്റേർഡ് കത്തു വഴി സുപ്രണ്ട് ഓഫ് പോലീസിനു അയച്ചുകൊടുക്കാവുന്നതാണ്, ഇങ്ങനെ ചെയ്യുന്നത് ഒരു FIR നു പകരമായി കണക്കാക്കപ്പെടും. അതിനു ശേഷവും പോലീസ് പ്രവർത്തിക്കാതിരുന്നാൽ നിങ്ങൾക്ക് FIR ൽ നടപടികളെടുക്കുന്നതിനു പോലീസിനോട് നിർദേശിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പോലീസിനെതിരായി ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യാവുന്നതാണ്.

**പ്രഥമദൃഷ്ട്യാ കേസെടുക്കാൻ സാധിക്കാത്ത കുറ്റം എന്നാൽ** കുറ്റം അന്വേഷിക്കുന്നതിനു മുൻപായി പോലീസിനു മജിസ്ട്രേറ്റിൽ നിന്നും സമ്മതം ആവശ്യമായ കുറ്റങ്ങളാണ്. കുറ്റാരോപിതനായ വ്യക്തിയെ അറസ്റ്റു ചെയ്യുന്നതിനു മുൻപ് പോലീസിനു ഒരു അറസ്റ്റു വാറണ്ട് ആവശ്യമുണ്ട്. അതു കൊണ്ടു തന്നെ അത്തരം കേസുകളിൽ നിങ്ങൾ പോലീസ് സ്റ്റേഷനിലെ ജനറൽ ഡയറിയിൽ പരാതി രേഖപ്പെടുത്തേണ്ടതുണ്ട്. അതിനു ശേഷം സ്റ്റേഷൻ I/C മിക്കവാറും നിങ്ങളെ കുറ്റാരോപിതനായ വ്യക്തിയെ നിയമനടപടികൾക്കു വിധേയനാക്കുന്നതിനുള്ള അനുമതിക്കായി നിങ്ങളെ ഒരു മജിസ്ട്രേറ്റിന്റെ അടുക്കലേക്ക് അയയ്ക്കും. പക്ഷെ നിങ്ങൾക്കു വേണമെങ്കിൽ നേരിട്ടു മജിസ്ട്രേറ്റിനെ സമീപിച്ച് കുറ്റാരോപിതനായ വ്യക്തിക്കെതിരെ പരാതി നൽകി അയാളെ നിയമനടപടികൾക്കു വിധേയനാക്കാൻ ആവശ്യപ്പെടാം. കുറ്റാരോപിതനായ വ്യക്തി ഒരു പോലീസുകാരനാണെങ്കിൽ നേരിട്ടു മജിസ്ട്രേറ്റിനെ സമീപിക്കുന്നതായിരിക്കും ഉത്തമം.

കുറ്റം പ്രഥമദൃഷ്ട്യാ കേസെടുക്കാവുന്നതാണോ അല്ലയോ എന്ന് നിങ്ങളെ അറിയിക്കാൻ പലപ്പോഴും നിങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ തന്നെ ആവശ്യപ്പെടാവുന്നതാണ്. മുഴുവൻ നടപടിക്രമങ്ങളിലും നിങ്ങളെ സഹായിക്കാമെന്നതു കൊണ്ട് ഒരു അഭിഭാഷകന്റെ അഭിപ്രായം അറിയുന്നതും ഒരു നല്ല ആശയവുമായിരിക്കും.

മുകളിൽ പറഞ്ഞിരിക്കുന്ന വകുപ്പുകൾ കൂടാതെ നിങ്ങൾക്ക് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനോട് ഇതിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തിയോട് സമാധാനം പാലിക്കുന്നതിനായി ഒരു കരാറിൽ ഒപ്പിടുന്നതിനു നിർദേശിക്കാൻ ആവശ്യപ്പെടാം. അതിനു ശേഷം ഈ കരാർ ലംഘിച്ചാൽ അയാൾ ശിക്ഷിക്കപ്പെടുന്നതാണ്. ബന്ധപ്പെട്ട വ്യക്തി പോലീസ് ഉദ്യോഗസ്ഥനാണെങ്കിൽ



• **ഭാരതത്തിന്റെ ഭൂപ്രദേശത്ത് ഏതു ഭാഗത്തും താമസിക്കുന്നതിനും സ്ഥിരവാസമാക്കുന്നതിനുമുള്ള സ്വാതന്ത്ര്യം:** ഇതിനർത്ഥം ഭാരതത്തിന്റെ ഏതു ഭാഗത്തും താമസിക്കുന്നതിൽ നിന്നും നിങ്ങളെ വിലക്കാൻ പാടില്ല എന്നാണ്. നിങ്ങൾ ഒരു സ്ഥലത്തെ നിയമാനുസൃതമുള്ള താമസക്കാരനാണെങ്കിൽ നിങ്ങൾ MSM ആണെന്നതുകൊണ്ട് സ്റ്റേറ്റിനു നിങ്ങളെ നാടു കടത്താൻ സാധിക്കുകയില്ല. അത്തരം വാസസ്ഥലങ്ങളിൽ നിങ്ങൾക്കു നേരിടേണ്ടി വന്നേക്കാവുന്ന ഏതു തരത്തിലുള്ള അപമാനത്തിനും തടസ്സത്തിനും എതിരായി നിങ്ങൾക്ക് പോലീസിൽ പരാതി നൽകാവുന്നതാണ്.

• **ഏതെങ്കിലും തൊഴിലിലോ ജീവനത്തിലോ ഏർപ്പെടുന്നതിനും ഏതെങ്കിലും വ്യാപാരമോ ബിസ്സിനസ്സോ നടത്തുന്നതിനും ഉള്ള സ്വാതന്ത്ര്യം:** ഈ സ്വാതന്ത്ര്യം നിങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതാണ്, പ്രത്യേകിച്ചും നിങ്ങൾ ഒരു പുരുഷ ലൈംഗിക തൊഴിലാളിയാണെങ്കിൽ. ലൈംഗികജോലി ഒരു തൊഴിലാണ്, നിങ്ങൾക്ക് അതു തുടരന്നതിനുള്ള അവകാശമുണ്ട്. IPC സെക്ഷൻ 377 വദനരതിയും ഗുദരതിയും നിയമവിരുദ്ധമാക്കുന്നുണ്ടെങ്കിലും ലൈംഗികത്തൊഴിലുമായി ബന്ധപ്പെട്ട അനാശാസ്യ കൃത്യങ്ങൾ തടയൽ നിയമം ലൈംഗികത്തൊഴിലിനെ നിയമവിരുദ്ധമായി കണക്കാക്കുന്നില്ല, അത് പുരുഷ ലൈംഗികത്തൊഴിലാളികളാണെങ്കിൽ പോലും. അതിനർത്ഥം ലൈംഗികജോലിയിൽ ഗുദരതി അല്ലെങ്കിൽ വദനരതി അടങ്ങിയിരിക്കുന്നുവെന്ന് സ്റ്റേറ്റിനു തെളിയിക്കാൻ സാധിക്കാത്തിടത്തോളം സ്റ്റേറ്റിനു നിങ്ങളെ ലൈംഗികത്തൊഴിലിൽ ഏർപ്പെടുന്നതിൽ നിന്നും തടയാൻ സാധിക്കില്ല.

കുറിപ്പ്: മുകളിൽ പ്രസ്താവിച്ചിരിക്കുന്ന സ്വാതന്ത്ര്യം പൂർണ്ണ സ്വാതന്ത്ര്യമല്ല. പൊതുസ്ഥലത്തെ ക്രമസമാധാനം, മാന്യത, സദാചാരം എന്നിവ അടിസ്ഥാനമാക്കി സ്റ്റേറ്റിനു ഈ സ്വാതന്ത്ര്യത്തിനു നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സാധിക്കും. പക്ഷെ MSM സംബന്ധമായി അത്തരം നിയന്ത്രണങ്ങളൊന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ലാത്തതു കൊണ്ട് നിങ്ങൾക്ക് അത്തരം സ്വാതന്ത്ര്യങ്ങളൊക്കെ തന്നെ പൂർണ്ണ സ്വാതന്ത്ര്യമെന്നു കണക്കാക്കി വിനിയോഗിക്കാവുന്നതാണ്.

§ **നിയമവിരുദ്ധമായ ശിക്ഷകൾക്കെതിരെയുള്ള അവകാശം(വകുപ്പ് 20(1))** : ഈ അവകാശം ഒരു വ്യക്തിയെയും ഒരു കുറ്റകൃത്യത്തിനല്ലാതെ മറ്റൊന്നിനും ശിക്ഷിക്കപ്പെടാൻ പാടില്ലെന്നു ഉറപ്പു നൽകുന്നു. സാങ്കേതികമായി വദനരതിയും ഗുദരതിയും സെക്ഷൻ 377 പ്രകാരം ഒരു കുറ്റകൃത്യമാണെങ്കിലും, ആർക്കെങ്കിലും ശിക്ഷ നൽകുന്നതിനു മുൻപ് കുറ്റകൃത്യം ഒരു വിസ്താരത്തിലൂടെ കോടതിയിൽ സ്ഥാപിക്കേണ്ടതുണ്ട്. എന്നിരുന്നാലും പ്രായോഗികമായി ഗുദരതിയും വദനരതിയും തെളിയിക്കുന്നത് വളരെ ബുദ്ധിമുട്ടാണെന്നാണ് കണ്ടുവരുന്നത്.

**§ ജീവിക്കുന്നതിനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള അവകാശം (വകുപ്പ് 21):** ഒരു പക്ഷേ ഇതായിരിക്കും ഏറ്റവു പ്രധാനപ്പെട്ട മൗലികാവകാശം, ഇത് സ്റ്റേറ്റിനു നിങ്ങളുടെ ജീവിതം എടുത്തുകളയാൻ സാധിക്കുകയില്ലെന്നു മാത്രമല്ല, നിങ്ങളുടെ ജീവിതരീതിയെയോ നിലവാരത്തേയോ ബാധിക്കുന്ന ഒന്നും തന്നെ സ്റ്റേറ്റ് ചെയ്യാൻ പാടില്ലെന്നും വ്യക്തമാക്കുന്നു. അതുപോലെ തന്നെ സ്റ്റേറ്റ് യാതൊരു രീതിയിലും നിങ്ങളുടെ അന്തസ്സിനെ മുറിവേല്പിക്കാനോ, നിയമവിരുദ്ധമായ ഒന്നും നിങ്ങൾ ചെയ്യാത്തിടത്തോളം നിങ്ങൾക്കിഷ്ടമുള്ളതുപോലെ പ്രവർത്തിക്കുന്നതിനു നിങ്ങളുടെ സ്വാതന്ത്ര്യം എടുത്തുകളയാനോ സാദ്ധ്യമല്ല. പുരുഷന്മാർ തമ്മിലുള്ള രതി നിങ്ങളുടെ നിലനില്പിന്റെയും സന്തോഷത്തിന്റെയും, ജീവിത നിലവാരത്തിന്റെയും അടിസ്ഥാനമായതിനാൽ ഈ വകുപ്പ് നിങ്ങൾക്ക് അത്തരം ലൈംഗിതയുടെ പേരിൽ നിങ്ങൾ നേരിടേണ്ടി വരുന്ന അപമാനത്തിനും കുറ്റകൃത്യവത്കരണത്തിനും എതിരായി നിങ്ങൾക്കു സംരക്ഷണം നൽകുന്നുവെന്ന് പറയാവുന്നതാണ്. പക്ഷെ ഇത് ഒരു കോടതി വിധി പ്രകാരം സ്ഥിരീകരിക്കപ്പെടേണ്ടതാണ്. അത്തരം വിധികളൊന്നും തന്നെ ഇതു വരെ ലഭ്യമല്ല.



**§ \ില കേസുകളിൽ അന്യായമായ തടങ്കലിനും അറസ്റ്റിനും എതിരായ സംരക്ഷണം (വകുപ്പ് 22):** പോലീസ് പലപ്പോഴും MSM വിഭാഗത്തിൽ പെടുന്നവരെ ഒത്തു ചേരൽ സ്ഥലങ്ങളിൽ നിന്നും പിടികൂടാറുണ്ടെന്ന സാഹചര്യത്തിൽ ഈ വകുപ്പ് പ്രധാന്യമർഹിക്കുന്നു. ഈ വകുപ്പു പ്രകാരം പോലീസ് എത്രയും വേഗം അറസ്റ്റിന്റെ കാരണങ്ങളെക്കുറിച്ച് അറസ്റ്റു ചെയ്ത വ്യക്തിയെ അറിയിക്കേണ്ടതാണ്. നിങ്ങൾ അറസ്റ്റു ചെയ്യപ്പെട്ടാൽ അറസ്റ്റു ചെയ്യപ്പെട്ട സമയത്തിനു ശേഷം 24 മണിക്കൂറിനകം നിങ്ങളെ ഒരു മജിസ്ട്രേറ്റിനു മുൻപാകെ ഹാജരാക്കേണ്ടതാണ്. നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു അഭിഭാഷകൻ നിങ്ങളെ പ്രതിനിധീകരിക്കുന്നതിനുള്ള അവകാശവും നിങ്ങൾക്കുണ്ടായിരിക്കും. അറസ്റ്റുണ്ടാകുന്ന സാഹചര്യത്തിൽ നിങ്ങളുടെ അവകാശങ്ങളെ പറ്റി നമ്മൾ വിശദമായി പിന്നീട് പ്രതിപാദിക്കുന്നതാണ്.

## ഇതു മാത്രമാണോ നിങ്ങൾക്കുള്ള അവകാശങ്ങൾ?

യഥാർത്ഥത്തിൽ **സിവിൽ, ക്രിമിനൽ** നിയമങ്ങൾ പ്രകാരം നിങ്ങൾക്ക് മറ്റനവധി അവകാശങ്ങളും ലഭ്യമാണ്.

**സിവിൽ അവകാശം** എന്നതിനർത്ഥം നിങ്ങളുടെ സ്വത്തിൻ മേലുള്ള അവകാശം അല്ലെങ്കിൽ സിവിൽ പ്രവർത്തികളായ പൊതുതിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനുള്ള അവകാശം, പൊതുജനഉപയോഗത്തിനുള്ള വാഹനങ്ങളിൽ യാത്ര ചെയ്യുന്നതിനുള്ള അവകാശം, പാരമ്പര്യ സ്വത്തിനുള്ള അവകാശം, സ്കൂൾ അല്ലെങ്കിൽ കോളേജ് വിദ്യാഭ്യാസത്തിനുള്ള അവകാശം, വിവാഹം കഴിക്കുന്നതിനുള്ള അവകാശം, കുട്ടികളെ



ദത്തെടുക്കുന്നതിനുള്ള അവകാശം (നിങ്ങളുടെ വ്യക്തിനിയമപ്രകാരം അനുവദനീയമാണെങ്കിൽ) മുതലായവ നിങ്ങൾ MSM വിഭാഗത്തിൽ പെടുന്ന വ്യക്തിയാണ് എന്നതു കൊണ്ടു മാത്രം നിഷേധിക്കാൻ പാടില്ല. സിവിൽ നിയമ പ്രകാരം നിങ്ങൾക്ക് മറ്റൊരു വ്യക്തി കാരണം നിങ്ങൾക്കുണ്ടായേക്കാവുന്ന ക്ഷതങ്ങൾക്കും മുറിവുകൾക്കും നിയമപ്രകാരം നഷ്ടപരിഹാരം ആവശ്യപ്പെടാൻ സാധിക്കും.

**ക്രിമിനൽ നിയമങ്ങൾ** നിങ്ങൾക്ക് ഏതു രൂപത്തിലുമുള്ള മാനസികപീഢനത്തിൽ നിന്നും ശാരീരിക പീഢനത്തിൽ നിന്നും സംരക്ഷണം നൽകുകയും ഇതു ലംഘിക്കുന്ന വ്യക്തിക്ക് ശിക്ഷ നൽകുകയും ചെയ്യുന്നു. ഈ കാര്യത്തിൽ എല്ലാ വിധത്തിലുള്ള ഭീക്ഷണികളും അഥവാ / അല്ലെങ്കിൽ അക്രമവും ഒരു ക്രിമിനൽ കുറ്റമാണ് എന്നറിഞ്ഞിരിക്കേണ്ടത് പ്രധാനമാണ്. അതു കൊണ്ട് നിങ്ങൾ MSM വിഭാഗത്തിൽ പെടുന്ന ഒരു വ്യക്തിയാണ്, നിങ്ങൾ താഴെ പറയുന്ന ഏതെങ്കിലും സാഹചര്യങ്ങൾ അഭിമുഖീകരിക്കുന്നുണ്ടെങ്കിൽ:

- നിങ്ങളെ ശാരീരികമായ അക്രമത്തിലൂടെ ഭീക്ഷണിപ്പെടുത്തുകയോ അത്തരം ഭീക്ഷണികൾക്കു വിധേയമാക്കുകയോ ചെയ്തു.
- നിങ്ങളുടെ കുടുംബാംഗങ്ങളോ മറ്റാരെങ്കിലുമോ നിങ്ങളെ അന്യായമായി തടഞ്ഞുവെക്കുകയോ തടവിലാക്കുകയോ (ഉദാ. നിങ്ങളെ അടച്ചു പൂട്ടിയിട്ടു) ചെയ്തു.
- നിങ്ങളിൽ നിന്നും പണം പിടുങ്ങുന്നതിനു വേണ്ടിയോ നിങ്ങളിൽ നിന്നും കുറ്റസമ്മതം ലഭിക്കുന്നതിനു വേണ്ടിയോ ആരെങ്കിലും നിങ്ങളെ ശാരീരികമായി പീഢിപ്പിക്കുകയോ മുറിവേൽപ്പിക്കുകയോ ചെയ്തു.
- നിങ്ങൾക്ക് ഒരു വ്യക്തിയോട് ലൈംഗികബന്ധത്തിൽ ഏർപ്പെടാൻ ആഗ്രഹമില്ലാത്ത സാഹചര്യത്തിൽ ആരെങ്കിലും നിങ്ങളുമായി ബലം പ്രയോഗിച്ചു ലൈംഗികവേഴ്ചയിലേപ്പടുന്നു.
- വിവരങ്ങൾ വെളിപ്പെടുത്തുമെന്ന് ആരെങ്കിലും നിങ്ങളെ ബ്ലാക്ക്മെയിൽ ചെയ്യുകയോ ഭീക്ഷണിപ്പെടുത്തുകയോ ചെയ്യുന്നു.
- ആരെങ്കിലും നിങ്ങളെ മറ്റു രീതിയിൽ അപമാനിക്കുന്നു.

നിങ്ങൾക്ക് അത്തരം വ്യക്തികൾക്കെതിരെ നിയമപരമായ നടപടികൾ എടുക്കുകയും അയാളെ ക്രിമിനൽ നിയമപ്രകാരം പ്രോസിക്യൂട്ട് ചെയ്യുകയും ചെയ്യാം. അത്തരം പ്രോസിക്യൂഷൻ വ്യക്തി ചെയ്ത കുറ്റം പോലീസിനു നേരിട്ട് കേസെടുക്കാവുന്നതാണോ അല്ലാത്തതോ എന്നതിനെ ആശ്രയിച്ചിരിക്കും.